പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4766** **27.06.2014 ലെ മറുപടിയ്ക്ക്**

**നെൽകൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി കോൾ വികസന ഏജൻസിയുടെ കീഴിൽ വരുന്ന കന്നംകുളം നഗരസഭ, പോർക്കുളം ഗ്രാമപഞ്ചായത്ത്, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ കോൾ നിലങ്ങളിൽ കനത്ത വേനൽമഴയിൽ നെല്ല് നശിച്ചതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) പൊന്നാനി കോൾ വികസന ഏജൻസിയുടെ കീഴിൽ വരുന്ന കന്നംകുളം നഗരസഭ, പോർക്കുളം ഗ്രാമപഞ്ചായത്ത്, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളിലെ കോൾനിലങ്ങളിൽ കനത്ത വേനൽമഴയിൽ നെല്ല് നശിച്ചതുമായി ബന്ധപ്പെട്ട് 8,93,000/- രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ബി) വേനൽമഴയിൽ എത്ര കർഷകരുടെ നെല്ലാണ് നശിച്ചിട്ടുള്ളത്; ഇത് എത്ര ക്വിന്റൽ വരും എന്ന് വ്യക്തമാക്കാമോ; | (ബി) വേനൽമഴയിൽ 122 കർഷകരുടെ 4700 ക്വിന്റൽ നെല്ലാണ് നശിച്ചിട്ടുള്ളത്. |
| (സി) നെൽകൃഷിയിൽ നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (സി) ഉണ്ട്. 30.55 ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചതിന് നഷ്ടപരിഹാരമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ മാനദണ്ഡപ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 3,05,500/- രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ